# കോവിഡ് കാലത്തെ കരുതൽ- കുടുംബശ്രീ

# എലവഞ്ചേരി സി.ഡി .എസ്

# നെമ്മാറ ബ്ലോക്ക്

# പാലക്കാട് ജില്ല

കോവിഡിനെതിരെയുള്ള പ്രതിരോധത്തിൽ കുടുംബശ്രീവളരെ മികച്ച പ്രവർത്തനമാണ്കാഴ്ചവെച്ചുകൊണ്ടിരിക്കുന്നത്. എലവഞ്ചേരി സി.ഡി.എസ് ഈ **പ്രവർത്തനങ്ങളില് എല്ലാം മുന് നിരയില് തന്നെ ഉണ്ട്.**

ലോക്ക്ഡൌണ് കാലഘട്ടത്തില് സർക്കാരിന്റെ എല്ലാ ഉദ്യമങ്ങളിലും പൂർണ്ണ സഹകരണത്തോടെ കുറ്റമറ്റ രീതിയിൽ നടപ്പാക്കാന് ഈ സി.ഡി.എസ്സിന് കഴിഞ്ഞിട്ടുണ്ട്. പതിനാല് വാർഡുകളിലായി നൂറ്റിതൊണ്ണൂറ്റിയഞ്ച് അയൽകൂട്ടങ്ങളാണ് നിലവില് പ്രവർത്തിച്ചു വരുന്നത്. ഈ കോവിഡ് കാലത്ത് സി.ഡി.എസ് നടത്തിയ പ്രവർത്തനങ്ങള് ചുവടെ വിശദീകരിക്കുന്നു.

## മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി:

സി.ഡി.എസ്സിൽ ഉള്ള 195 അയൽകൂട്ടങ്ങളില് നിന്നും അർഹതാ മാനദണ്ഡങ്ങള് പ്രകാരം തിരഞ്ഞെടുത്ത 116 അപേക്ഷകൾ സി.ഡി.എസ്സ് കൂടിയാലോചിച്ചു കൃത്യമായി ബാങ്കിൽ സമർപ്പിച്ചു. 1,19,43,000 രൂപയുടെ അപേക്ഷകളാണ് ബാങ്കിൽ സമർപ്പിച്ചിട്ടുള്ളത് ഇതില് 1327 ഗുണഭോക്താകളുണ്ട്. ഇതുവരെ 50 സങ്ഘംകൽക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

## സമൂഹ അടുക്കള:

ലോക്ക്ഡൗൺ നാളുകളിൽ ആരും പട്ടിണി കിടക്കരുതെന്ന സർക്കാർ പ്രഖ്യാപനം ഉൾകൊണ്ട് വിശക്കുന്നവർക്ക് ഭക്ഷണ പൊതികൾ തയ്യാറാക്കി നല്കാൻ സി.ഡി. എസ്സും പഞ്ചായത്തും ഒരുമിച്ച് പ്രവർത്തിച്ചു. 28 മാർച്ച് 2020നാണ് സമൂഹ അടുക്കള പ്രവർത്തനം ആരംഭിച്ചത്. എല്ലാ വാർഡുകളില് നിന്നും അർഹത ഉള്ളവരെ കണ്ടെത്തി സന്നദ്ധ സേനയുടെ സഹായത്തോടെ ഭക്ഷണ പൊതികൾ വീട്ടില് എത്തിച്ച് നല്കി. അതിഥി തൊഴിലാളികൾ , ആശ്രയ ഗുണഭോക്താകള് , അഗതികള് , കവറന്റൈന് കഴിയുന്നവര് തുടങ്ങി ഭക്ഷണത്തിന് ആവശ്യമുള്ളവർക്കെല്ലാം ഭക്ഷണ പൊതികള് വിതരണം ചെയ്തു. ദിവസവും 150തിലേറെ പൊതികളാണ് സമൂഹ അടുക്കളയിൽ നിന്നും എത്തിച്ചുകൊടുത്തത്.



എലവഞ്ചേരി പഞ്ചായത്തിൽ ആരംഭിച്ച സമൂഹ അടുക്കള

അടുക്കളയുടെ നടത്തിപ്പിനായി പഞ്ചായത്തില് നിന്നും കുടുംബശ്രീയിൽ നിന്നുമുള്ള സഹായത്തിന് പുറമെ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളില് നിന്നും പച്ചക്കറിയും, അരിയും പലവ്യഞ്ജനങ്ങളും സംഭാവനയായി ലഭിച്ചു.




സി.ഡി.എസ്സ് ചെയർപേഴ്സണ് ശ്രീമതി.സരിതയുടെ നേതൃത്വത്തിലുള്ള സ്നേഹതീരം സങ്ഘമാണ് അടുക്കളയുടെ വിജകരമായ നടത്തിപ്പിന് പിന്നിൽ പ്രവർത്തിച്ചത്.മെയ് മാസം മൂന്നാം തിയ്യതി വരെ അടുക്കള പ്രവർത്തിച്ചു.തുടർന്നു സ്നേഹതീരം വനിതാ കാന്റീന് പഞ്ചായത്തിന്റെ സഹായ സഹകരണത്തോടെ ജനകീയ ഹോട്ടലായി രൂപാന്തരപ്പെടുത്താനും തീരുമാനമായിട്ടുണ്ട്.

## <u>മുഖാവരണ(Mask)/തുണിസഞ്ചിനിർമാണം/ കിറ്റ് പാക്കിങ്</u>

കോവിഡ് പ്രതിരോധത്തില് അത്യന്താപേക്ഷിതമായ മുഖാവരണം സംസ്ഥാനം ഒട്ടാകെ വിതരണം ചെയ്യുവാനായി വലിയതോതിൽ നിർമ്മിക്കാന് കുടുംബശ്രീ സംസ്ഥാന മിഷൻ നിർദ്ദേശിക്കുകയുണ്ടായി.അതിനെ തുടർന്നു എലവഞ്ചേരിയിൽ നക്ഷത്ര കുടുംബശ്രീ യൂണിറ്റും സജീവമായി പങ്കെടുത്തു.

കൂടാതെ വിവിധ സഹായ കിറ്റുകള് വിതരണം ചെയ്യുവാനുള്ള തുണി സഞ്ചികൾ വൈവരി യൂണിറ്റ് നിർമ്മിച്ചു നല്കി വരുന്നു.

എല്ലാ റേഷൻ കാർഡ് ഉടമകൾക്കും നൽകുവാനുള്ള സൌജന്യ കിറ്റ്, സപ്ലയ്കോ വഴി തയ്യാറാക്കുന്നതിനായി

കുടുംബശ്രീ അങ്ഗംങ്ങളാണ് പാക്കിങ് പ്രവർത്തനങ്ങളില് സജീവമായി പങ്കെടുത്തത്.



**അടുക്കളത്തോട്ടം:**

ലോക്ഡൌണ് വേളയില് പച്ചക്കറികള് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കാതെ സ്വന്തമായി വീടുകളിൽ തന്നെ ഉൽപാതിപ്പിക്കാന് മുഖ്യമന്ത്രി ആഹ്വാനം ചെയ്തിരുന്നു . അതിനെ തുടർന്നു കൃഷിഭവനില് നിന്നു പച്ചക്കറി വിത്തുകൾ കുടുംബശ്രീ വനിതകൾക്ക് വിതരണം ചെയ്തു.കുട്ടികളെയും അടുക്കളത്തോട്ടം ഒരുക്കുന്നതിൽ പങ്കാളികളാക്കി.



ഇത് പച്ചക്കറികളുടെ സ്വയംപര്യാപ്തതയോടൊപ്പം വീട്ടിലുള്ള എല്ലാവരുടെയും മാനസികോല്ലാസത്തിനും സഹായകരമായി.

**വയോജന സുരക്ഷ:**

60 വയസ്സിന് മുകളിലുള്ള വയോജനങ്ങളെ ഫോണ് മുഖേന വിളിച്ച് കോവിഡ് പ്രതിരോധത്തെ സംബന്ധിച്ചു

കുടുംബശ്രീ സ്നേഹിത പ്രവര്ത്തകര് കൌണ്സിലിങ് നല്കി. ആവശ്യമുള്ളവർകു പിഎച്ച്സിയില് നിന്നും ആവശ്യമായ മരുന്നുകൾ നമ്മുടെ കുടുംബശ്രീ അങ്ഗംങ്ങൾ വഴിയും സന്നദ്ധ സേന പ്രവര്ത്തകര് മുഖേനയും വീടുകളിൽ എത്തിച്ച് നല്കി . കൂടാതെ നാലു നിർദ്ധന കുടുംബങ്ങളുടെ ഒരു മാസത്തെ ഉപയോഗത്തിനുള്ള ഭക്ഷ്യ വസ്തുക്കൾ സാമ്പത്തികശേഷിയുള്ള കുടുംബങ്ങള് സംഭാവന ചെയ്തു.



കോവിഡിനെ അതിജീവിക്കാൻ സമൂഹത്തെ പര്യാപ്തമാക്കാൻ വേണ്ട ഇടപെടലുകള് എല്ലാ മേഘലയിലും നടത്താൻ കുടുംബശ്രീ പ്രസ്ഥാനത്തിനു സാധിച്ചു , ഇനി വരുന്ന ഏത് വിപത്തിനേയും നേരിടാന് സമൂഹത്തെ സജ്ജമാക്കാനും സഹായിക്കാനും കുടുംബശ്രീ എന്നും മുന്നിലുണ്ടാവും.

തയ്യാറാക്കിയത്:

**ശ്രീലക്ഷ്മി കെ പി**
**നെന്മാറ ബ്ലോക്ക്**
**കോർഡിനേറ്റര്**
**പാലക്കാട്**

**24 മെയ് 2020**